**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 151** **23-01-2025 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻകരയ്ക്ക് തീരദേശ നിയന്ത്രണ വിജ്ഞാപനത്തിൽ ഇളവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ ദ്വീപുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | 2011 തീരദേശ പരിപാലന പ്ലാനിൽ ദ്വീപുകളുടെ പേരുകൾ രേഖപ്പെടുത്തിയിട്ടില്ല. 2011 തീരദേശ പരിപാലന പ്ലാൻ അനുസരിച്ച് സംസ്ഥാനത്ത് തീരദേശ മേഖലയിൽ 2130 backwater/Coastal Island-കൾ ഉണ്ട്. |
| (ബി) | പ്രസ്തുത ദ്വീപുകൾക്ക് 2011-ലെ സി.ആർ. ഇസഡ്. വിജ്ഞാപനം പ്രകാരം നിർമ്മാണങ്ങളിൽ 50 മീറ്ററെന്ന ഇളവ് നാളിതുവരെ ലഭ്യമായിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | എങ്കിൽ വൈപ്പിൻകരയിലെ ജനതയ്ക്ക് ദ്വീപ് എന്ന രീതിയിൽ ലഭ്യമാകേണ്ടിയിരുന്ന 50 മീറ്റർ ഇളവെന്ന ആനുകൂല്യം നാളിതുവരെ ലഭ്യമാകാതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (സി) | വൈപ്പിൻ മണ്ഡലത്തിലെ പള്ളിപ്പുറം, എടവനാക്കാട്, നായരമ്പലം, ഞാറയ്ക്കൽ, മുളവുകാട്, എളംകുന്നപ്പുഴ, കുഴുപ്പിള്ളി, കടമക്കുടി എന്നീ ഗ്രാമപഞ്ചായത്തുകളിലായി 647 ദ്വീപുകളാണ് ഉള്ളത്. ടി ദ്വീപുകളിൽ 2011 സി. ആർ.ഇസഡ് വിജ്ഞാപനം അനുസരിച്ച് 50 മീറ്റർ ദൂരപരിധിയിലുള്ള ഇളവ് 28.02.2019 മുതൽ ബാധകമാക്കിയിട്ടുണ്ട്. |
| (ഡി) | ദ്വീപ് എന്ന പരിഗണനയ്ക്ക് അർഹതയുണ്ടായിട്ടും 2011- ലെ വിജ്ഞാപനപ്രകാരം 50 മീറ്ററെന്ന ഇളവ് നൽകാതെ വൈപ്പിൻ മണ്ഡലത്തിലെ 8 പഞ്ചായത്തുകളിൽ 5 പഞ്ചായത്തുകളെ രണ്ടാം കാറ്റഗറിയിലും രണ്ട് പഞ്ചായത്തുകളെ 3 എ കാറ്റഗറിയിലും ഒരു പഞ്ചായത്തിനെ TIWB കാറ്റഗറിയിലും ഉൾപ്പെടുത്താനുണ്ടായ കാരണം വിശദമാക്കാമോ; | (ഡി) | ദ്വീപുകളിൽ 2011 സി. ആർ.ഇസഡ് വിജ്ഞാപനം അനുസരിച്ച് 50 മീറ്റർ ദൂരപരിധിയിലുള്ള ഇളവ് 28.02.2019 മുതൽ സംസ്ഥാനത്ത് ബാധകമാക്കിയിട്ടുണ്ട്. 2019 സി. ആർ.ഇസഡ് വിജ്ഞാപനം പുറപ്പെടുവിച്ച പ്രകാരം ഐലൻറിന്റെ ദൂരപരിധി 50 മീറ്ററിൽ നിന്നും 20 മീറ്ററായി കുറച്ചിട്ടുണ്ട്. എന്നാൽ ഇന്റഗ്രേറ്റഡ് ഐലന്റ് മാനേജ്മെന്റ് പ്ലാൻ (IIMP) തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിയ്ക്കുന്ന മുറയ്ക്ക് മാത്രമെ ടി ഇളവ് സംസ്ഥാനത്ത് പ്രാബല്യത്തിൽ വരികയുള്ളൂ. പ്രസ്തുത ഇന്റഗ്രേറ്റഡ് ഐലന്റ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നത് ചെന്നൈയിലെ National Center for Sustainable Coastal Management (NCSCM) എന്ന കേന്ദ്ര സർക്കാർ സ്ഥാപനമാണ്. NCSCM പ്രസ്തുത പ്ലാൻ തയ്യാറാക്കി വരികയാണ്. 10 ഹെക്ടറിൽ കൂടുതൽ വരുന്ന ദ്വീപുകൾക്കാണ് |

| | | | |
|---|---|---|---|
| | | | ഇന്റഗ്രേറ്റഡ് ഐലന്റ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നത്. എന്നാൽ 10 ഹെക്ടറിൽ കുറവുള്ള ദ്വീപുകൾക്ക് ഇന്റഗ്രേറ്റഡ് ഐലന്റ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ മാനദണ്ഡങ്ങൾ ഇനിയും പുറപ്പെടുവിച്ചിട്ടില്ല.<br><br>സി.ആർ.ഇസഡ് II ലേയ്ക്ക് തരം മാറ്റുന്നതിന് സംസ്ഥാന സർക്കാർ ശുപാർശ ചെയ്ത നഗര സ്വഭാവമുള്ള 175 ഗ്രാമപഞ്ചായത്തുകളിൽ നിന്നും 66 ഗ്രാമപഞ്ചായത്തുകളെയാണ് CRZ II ൽ ഉൾപ്പെടുത്തുന്നതിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം അനുമതി നൽകിയത്. ഇതിന്റെ അടിസ്ഥാനത്തിലാണ് കടമക്കുടി, മുളവുകാട്, ഇളംകുന്നപ്പുഴ, ഞാറയ്ക്കൽ, നായരമ്പലം എന്നീ പഞ്ചായത്തുകളെ CRZ IIIയിൽ നിന്ന് CRZ II യിലേയ്ക്ക് തരം മാറ്റിയിട്ടുള്ളത്.<br><br>2011 ലെ ജനസംഖ്യ സാന്ദ്രത കണക്കിലെടുത്ത് ഒരു ചതുരശ്ര കിലോമീറ്ററിൽ 2161 പേരോ അതിൽ കൂടുതലോ ഉള്ള പ്രദേശങ്ങളെ സി. ആർ. ഇസഡ് III A എന്ന വിഭാഗത്തിലും അതിൽ കുറഞ്ഞ ജനസംഖ്യയുള്ള പ്രദേശങ്ങളെ സി. ആർ. ഇസഡ് III B വിഭാഗത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിനെ സി. ആർ. ഇസഡ് III A യിലും എടവനക്കാട് ഗ്രാമപഞ്ചായത്തിനെ സി. ആർ. ഇസഡ് III B യിലും ഉൾപ്പെടുത്തിയിട്ടുള്ളത്. കൂടാതെ പള്ളിപ്പുറം ഗ്രാമപഞ്ചായത്തിനെ സി. ആർ. ഇസഡ് III യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പഞ്ചായത്തിന്റെ പരിധിയിൽ കടൽ ഇല്ല. എന്നാൽ കായൽ /നദി എന്നിവയുടെ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ ദൂരപരിധി വരെ സി. ആർ.ഇസഡ് പരിധിയിൽ നിഷ്കർഷിച്ചിട്ടുണ്ട്. |
| (ഇ) | 2019-ലെ വിജ്ഞാപനം പ്രകാരം മാപ്പുകൾ തയ്യാറാക്കുമ്പോൾ 01.05.2020-ലെ ഭേദഗതി നോട്ടിഫിക്കേഷൻ പ്രകാരം 1991-ന് മുൻപ് സ്ഥാപിക്കപ്പെട്ട ബണ്ടുകളെ വേലിയേറ്റ രേഖയായി കണക്കാക്കും എന്ന ഭേദഗതി വൈപ്പിൻകരയിലെ എടവനക്കാട് ഉൾപ്പെടെയുള്ള പഞ്ചായത്തുകളെ സംബന്ധിച്ച മാപ്പുകളിൽ രേഖപ്പെടുത്താത്തതിനാൽ പ്രസ്തുത ഇളവ് ലഭ്യമാകാത്തത് പരിഹരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടി വിശദമാക്കാമോ; | (ഇ) | 2011 തീരദേശ പരിപാലന പ്ലാൻ പ്രകാരം വൈപ്പിൻ മണ്ഡലത്തിന്റെ പരിധിയിൽ അറുന്നൂറ്റി നാല്പത്തിയേഴ് (647) backwater/Island ആണ് ഉള്ളത്. ഈ ദ്വീപുകളുടെ പേരുകൾ പ്രത്യേകമായി തീരദേശ പരിപാലന പ്ലാനിൽ രേഖപ്പെടുത്തിയിട്ടില്ല. എല്ലാ പഞ്ചായത്തുകളും ദ്വീപുകളല്ല. എന്നാൽ പഞ്ചായത്തുകളുടെ വിവിധ ഭാഗങ്ങൾ ദ്വീപുകൾ ഉള്ള പ്രദേശത്തെ പ്ലാനിൽ 50 മീറ്ററായി ദൂരപരിധി രേഖപ്പെടുത്തിയിട്ടുണ്ട്. നാല് വശങ്ങളും ഒരേ ജലാശയത്താൽ ചുറ്റപ്പെട്ടിട്ടുള്ളതാണ് ദ്വീപുകളായി മാപ്പിൽ (CZMP) രേഖപ്പെടുത്തിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| | | | 2011 CZMP പ്രകാരം പള്ളിപ്പുറം, എടവനാക്കാട്, നായരമ്പലം, ഞാറയ്ക്കൽ, മുളവുകാട്, എളംകുന്നപ്പുഴ, കുഴുപ്പിള്ളി, കടമക്കുടി എന്നീ 8 ഗ്രാമപഞ്ചായത്തുകളിൽ എല്ലാ പ്രദേശങ്ങളും പൂർണ്ണമായും ദ്വീപുകളിൽ ഉൾപ്പെട്ടിട്ടില്ല. എന്നാൽ നാല് വശങ്ങളും ഒരേ ജലാശയങ്ങൾ ചുറ്റപ്പെട്ടിട്ടുള്ള പ്രദേശം ദ്വീപുകളായി ഉൾപ്പെടുത്തിയിട്ടുണ്ട്. 2011 സി. ആർ. ഇസഡ് വിജ്ഞാപനം അനുസരിച്ച് 2011 തീരദേശ പരിപാലന പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ള ദ്വീപുകളായ പ്രദേശങ്ങളിലെല്ലാം തന്നെ 50 മീറ്റർ ബഫർ പ്രകാരം ഉള്ള നിർമ്മാണ അനുമതികൾ നൽകി വരുന്നുണ്ട്.<br><br>2011 തീരദേശ പരിപാലന പ്ലാൻ പ്രകാരം വൈപ്പിൻ മണ്ഡലത്തിലെ എടവനക്കാട് ഉൾപ്പെടെ 8 പഞ്ചായത്തുകളിൽ ഉൾപ്പെട്ട 2637.74 ഹെക്ടർ ഭൂമിയാണ് തീരദേശ നിയന്ത്രണ മേഖലയായി പ്രഖ്യാപിച്ചിരുന്നത്. എന്നാൽ 2019 തീരദേശ പരിപാലന പ്ലാൻ പ്രകാരം ആയത് 895.79 ഹെക്ടറായി ചുരുക്കിയിട്ടുണ്ട്. 1991/96 കാലയളവിന് മുൻപ് നിലവിലുണ്ടായിരുന്ന bund/sluice gate-കളുടെ അടിസ്ഥാനത്തിൽ HTL-ൽ വരുത്തിയ മാറ്റം മൂലം ഇത്തരത്തിൽ 1742 ഹെക്ടർ ഭൂമി തീരദേശ പരിപാലന നിയന്ത്രണ മേഖലയിൽ നിന്നും പൂർണ്ണമായും ഒഴിവാക്കപ്പെട്ടിട്ടുണ്ട്. |
| (എഫ്) | ദ്വീപെന്ന രീതിയിലുള്ള ഇളവും 2020 ഭേദഗതി നോട്ടിഫിക്കേഷൻ പ്രകാരം 1991-ന് മുൻപ് സ്ഥാപിക്കപ്പെട്ട ബണ്ടുകളെ വേലിയേറ്റ രേഖയായി കണക്കാക്കിയാൽ ലഭിക്കേണ്ട ഇളവുകളും ലഭിക്കുന്നതിനുമായി 10.12.2024-ന് സമർപ്പിച്ച കത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ? | (എഫ്) | 2011 തീരദേശ പരിപാലന പ്ലാൻ പ്രകാരം വൈപ്പിൻ മണ്ഡലത്തിന്റെ പരിധിയിൽ അറുന്നൂറ്റി നാല്പത്തിയേഴ് (647) backwater/Island ആണ് ഉള്ളത്. ഈ ദ്വീപുകളുടെ പേരുകൾ പ്രത്യേകമായി തീരദേശ പരിപാലന പ്ലാനിൽ രേഖപ്പെടുത്തിയിട്ടില്ല. എല്ലാ പഞ്ചായത്തുകളും ദ്വീപുകളല്ല. എന്നാൽ പഞ്ചായത്തുകളുടെ വിവിധ ഭാഗങ്ങൾ ദ്വീപുകൾ ഉള്ള പ്രദേശത്തെ പ്ലാനിൽ 50 മീറ്ററായി ദൂരപരിധി രേഖപ്പെടുത്തിയിട്ടുണ്ട്. നാല് വശങ്ങളും ഒരേ ജലാശയത്താൽ ചുറ്റപ്പെട്ടിട്ടുള്ളതാണ് ദ്വീപുകളായി മാപ്പിൽ (CZMP) രേഖപ്പെടുത്തിയിട്ടുള്ളത്.<br><br>2011 CZMP പ്രകാരം പള്ളിപ്പുറം, എടവനാക്കാട്, നായരമ്പലം, ഞാറയ്ക്കൽ, മുളവുകാട്, എളംകുന്നപ്പുഴ, കുഴുപ്പിള്ളി, കടമക്കുടി എന്നീ 8 ഗ്രാമപഞ്ചായത്തുകളിൽ എല്ലാ പ്രദേശങ്ങളും പൂർണ്ണമായും ദ്വീപുകളിൽ ഉൾപ്പെട്ടിട്ടില്ല. എന്നാൽ നാല് വശങ്ങളും ഒരേ ജലാശയങ്ങൾ ചുറ്റപ്പെട്ടിട്ടുള്ള പ്രദേശം ദ്വീപുകളായി ഉൾപ്പെടുത്തിയിട്ടുണ്ട്. 2011 സി. ആർ. ഇസഡ് വിജ്ഞാപനം അനുസരിച്ച് |

| | | | |
|---|---|---|---|
| | | | 2011 തീരദേശ പരിപാലന പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ള ദ്വീപുകളായ പ്രദേശങ്ങളിലെല്ലാം തന്നെ 50 മീറ്റർ ബഫർ പ്രകാരം ഉള്ള നിർമ്മാണ അനുമതികൾ നൽകി വരുന്നുണ്ട്.<br><br>2011 തീരദേശ പരിപാലന പ്ലാൻ പ്രകാരം വൈപ്പിൻ മണ്ഡലത്തിലെ എടവനക്കാട് ഉൾപ്പെടെ 8 പഞ്ചായത്തുകളിൽ ഉൾപ്പെട്ട 2637.74 ഹെക്ടർ ഭൂമിയാണ് തീരദേശ നിയന്ത്രണ മേഖലയായി പ്രഖ്യാപിച്ചിരുന്നത്. എന്നാൽ 2019 തീരദേശ പരിപാലന പ്ലാൻ പ്രകാരം ആയത് 895.79 ഹെക്ടറായി ചുരുക്കിയിട്ടുണ്ട്. 1991/96 കാലയളവിന് മുൻപ് നിലവിലുണ്ടായിരുന്ന bund/sluice gate-കളുടെ അടിസ്ഥാനത്തിൽ HTL-ൽ വരുത്തിയ മാറ്റം മൂലം ഇത്തരത്തിൽ 1742 ഹെക്ടർ ഭൂമി തീരദേശ പരിപാലന നിയന്ത്രണ മേഖലയിൽ നിന്നും പൂർണ്ണമായും ഒഴിവാക്കപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ